CATHOLIC INFORMATION BUREAU, KOTTAYAM.

PUBLICATION No. 1.

# കൽക്കദോനിയാ സൂനഹദോസും

## യാക്കോബായ സഹോദരങ്ങളും.

DHARMARAM COLLEGE LIBRARY BANGALORE

AR 971 P69

(ഫാദർ പ്ലാസിഡ് റ്റി. ഒ. സി. ഡി.)

CATHOLIC MISSION PRESS,
KOTTAYAM.
1951.

DHARMARAM COLLEGE LIBRARY
Ac. 41204
Call No. 5711P69 AR

# കൽക്കദോനിയാ സൂനഹദോസും യാക്കോബായ സഹോദരങ്ങളും

ഏഷ്യാമൈനറിലെ ഒരു പട്ടണമാണ് കൽക്കദോന്[...] ക്രിസ്തുവബ്ദം 451-ൽ അവിടെ സമ്മേളിച്ച (നാലാം) സാർവ്വത്രി[ക] സൂനഹദോസ് "കൽക്കദോനിയാ സൂനഹദോസ" എന്ന പേരിൽ അറിയപ്പെടുന്നു. അതിൽ സംബന്ധിച്ചിടത്തോളം പൗരസ്ത്യമെത്രാന്മാർ മറ്റു യാതൊരു സൂനഹദോസിലും സംബന്ധിക്കയുണ്ടായിട്ടില്ല. അറുനൂറോളമായിരുന്നു അവരുടെ സംഖ്യ. റോമ്മായിലെ വി. ലെഓൻ മാർപ്പാപ്പായുടെ പ്രതിപുരുഷന്മാർ അതിൽ അദ്ധ്യക്ഷത വഹിച്ചു. അന്[ത്യോ]ക്യായിലെ മാക്സിമൂസ പാത്രിയർക്കീസും, കോൺസ്റ്റന്റിനോപ്പോളീസിലെ അനത്തോളിയൂസും, ഓർശ്ലേമിലെ യൂവനേലും അതിൽ സജീവമായി പങ്കെടുത്തു. അലക്സാന്ത്രിയാ പാത്രിയർക്കീസായിരുന്ന ദിയസ്കോറോസ് അതിൽവച്ചു വിസ്തരിക്കപ്പെടുകയും ശിക്ഷിക്കപ്പെടുകയും ചെയ്തു.

കൽക്കദോനിയാ സൂനഹദോസു നടത്തുവാനുണ്ടായ സാഹചര്യങ്ങൾ താഴെപ്പറയുന്നവയാണ്:—

മിശിഹാ ഏകനല്ല, അഥവാ രണ്ടാളാണ്; പരിശുദ്ധ ക[ന്യ]കാമറിയം ദൈവമാതാവല്ല എന്ന് നെസ്തോറീസ് പഠിപ്പിക്കുകയുണ്ടായി. 431-ൽ എഫേസൂസിൽ സമ്മേളിച്ച (മൂന്നാമത്തെ) സാർവ്വത്രി[ക] സൂനഹദോസ് നെസ്തോറീസിനേയും അദ്ദേഹത്തിന്റെ സിദ്ധാന്ത[ങ്ങളേയും] ശപിച്ചു. അതേത്തുടർന്ന് മിശിഹാ ഒരാൾ ആയതിനാൽ മിശിഹായ്ക്ക് ഒരു സ്വഭാവം (Nature) മാത്രമേയുള്ളു എന്ന് എവുത്തിക്കോസ് പഠി[പ്പി]ച്ചുതുടങ്ങി. കോൺസ്റ്റന്റിനോപ്പോളീസിലെ ഫ്ളാവിയൻ എവു[ത്തി]ക്കോസിനെ മുടക്കി. എവുത്തിക്കോസ് റോമ്മായിൽ അപ്പീൽബോധിപ്പിച്ചു. അലക്സാന്ത്രിയാപാത്രിയർക്കീസായിരുന്ന ദിയസ്കോറോസ് എവു[ത്തി]ക്കോസിനെ ആദരിക്കയാണു ചെയ്തതു്. റോമ്മായിലെ വി. ലെഓൻമാർപ്പാപ്പാ മിശിഹായിൽ രണ്ടു സ്വഭാവമുണ്ടെന്നു വിശദീകരിക്കയും ഒരു സാർവ്വത്രിക സൂനഹദോസിൽവച്ച് അതു പ്രഖ്യാപിക്കുവാൻ പ്രതിപുരുഷന്മാരെ നിയോഗിക്കയും ചെയ്തു. എഫേസൂസായിരുന്നു സൂനഹദോസു കൂടുവാൻ നിശ്ചയിച്ച സ്ഥലം. 449-ൽ സൂനഹദോസു നടത്തുവാൻ എല്ലാവരും എഫേസൂസിൽ ചെന്നുചേർന്നു. എന്നാൽ ദിയസ്കോറോസിനു സൈന്യബലമുണ്ടായിരുന്നു. ബലപ്രയോഗത്താൽ അദ്ദേഹം സൂനഹദോസിൽ അദ്ധ്യക്ഷനായി. എവുത്തിക്കോസിനെ ആദരിച്ചു; അദ്ദേഹ[ം] ഫ്ളാവിയനെ ദേഹോപദ്രവമേല്പിച്ചു; താൻചെയ്ത തീരുമാനങ്ങൾ ഒപ്പുവയ്ക്കുവാൻ മെത്രാന്മാരെ നിർബന്ധിച്ചു. ഇങ്ങനെ ഭൂമുഖത്തുള്ള യാതൊരു ക്രിസ്തീയവിഭാഗവും അംഗീകരിക്കാത്തതും ചരിത്രത്തിൽ "ക[ള്ള]ന്മാരുടെ സൂനഹദോസ്" (Robber Synod) എന്നറിയപ്പെടുന്നതുമാ[യ]

ഒരു സമ്മേളനം സാർവ്വത്രിക സൂനഹദോസ് എന്ന ഭാവേന ദിയസ്കോറോസ് അവിടെവച്ചു നടത്തി. അതിനൊരു പ്രതിവിധിയായി സമ്മേളിച്ചതാണ് കൽക്കദോനിയാ സൂനഹദോസ്. കോൺസ്റ്റന്റിനോപ്പിൾ ചക്രവർത്തിയും ചക്രവർത്തിനിയും സൂനഹദോസിനു എല്ലാ ഒത്താശകളും ചെയ്തുകൊടുത്തു. മിശിഹായിൽ ദൈവസ്വഭാവം, മനുഷ്യസ്വഭാവം എന്നീ രണ്ടു സ്വഭാവങ്ങൾ കലർച്ചകൂടാതെ സ്ഥിതിചെയ്യുന്നു എന്ന് സൂനഹദോസു പ്രഖ്യാപനം ചെയ്തു. എവുത്തിക്കോസും അദ്ദേഹത്തെ ആദരിച്ച ദിയസ്കോറോസും സ്ഥാനഭ്രഷ്ടരാക്കപ്പെട്ടു.

യാക്കോബായ ഉൾപ്പെടെയുള്ള ചില പൗരസ്ത്യവിഭാഗക്കാർ കൽക്കദോനിയാ സൂനഹദോസു സ്വീകരിക്കുവാൻ വിമുഖത പ്രദർശിപ്പിച്ചുവരുന്നു. വിദേശീയ യാക്കോബായക്കാരെ അനുകരിച്ചു കേരള യാക്കോബായക്കാരും സൂനഹദോസിന്റെ നേരെ വിരോധ മനോഭാവത്തോടെയാണ് വർത്തിച്ചുവരുന്നതു്. എന്നാൽ യാക്കോബായക്കാരെ, പ്രത്യേകം കേരളയാക്കോബായക്കാരെ സംബന്ധിച്ചിടത്തോളം ഈ വിരോധമനോഭാവം പരിത്യജിക്കുവാൻ യാതൊരു പ്രയാസവും ഉണ്ടാകേണ്ടതല്ല. സൂനഹദോസിന്റെ തീരുമാനങ്ങളും നടപടികളും പരിശോധിച്ചാൽ ഈ സംഗതി വിശദമാകുന്നതാണ്.

1. മിശിഹായിൽ രണ്ടു സ്വഭാവങ്ങളുണ്ടെന്നു് പ്രഖ്യാപിച്ചതാണ് സൂനഹദോസിന്റെ നേരേ വിരോധമനോഭാവം പ്രദർശിപ്പിക്കുവാൻ യാക്കോബായക്കാർക്കുള്ള ഒരു കാരണം.

മിശിഹായിൽ ദൈവത്വവും മനുഷ്യത്വവും ഉണ്ടെന്നു മാത്രമാണ് മിശിഹായിൽ ദൈവസ്വഭാവവും മനുഷ്യസ്വഭാവവും ഉണ്ടെന്നു സൂനഹദോസ് പ്രഖ്യാപനം ചെയ്തതിന്റെ അർത്ഥം. ഇതിൽ യാക്കോബായക്കാർക്കു ഭിന്നാഭിപ്രായത്തിനു സ്ഥാനമുണ്ടാകേണ്ടതല്ല. എന്തുകൊണ്ടെന്നാൽ ഏകനായ മിശിഹാ ദൈവത്വവും (അലോഹൂസാ) മനുഷ്യത്വവും (നോശൂസോ) ഉള്ള ആളാണെന്നു് (ക്നൂമ്മോ) യാക്കോബായക്കാർ നിസ്സംശയം സമ്മതിച്ചു പറയുന്നുണ്ടു്. ദൈവസ്വഭാവത്തിനു ദൈവത്വമെന്നും, മനുഷ്യസ്വഭാവത്തിനു മനുഷ്യത്വമെന്നും മാത്രമാണ് സൂനഹദോസ് അർത്ഥം കൊടുക്കുന്നതെങ്കിൽ (അങ്ങനെതന്നെയാണ് അർത്ഥം കൊടുക്കുന്നതു്) മിശിഹായ്ക്കു രണ്ടു സ്വഭാവമുണ്ടെന്നു സമ്മതിക്കുവാൻ എന്തു പ്രയാസമാണ് യാക്കോബായക്കാർക്കുണ്ടാകുവാൻ പാടുള്ളതു്? വാസ്തവത്തിൽ യാതൊരു പ്രയാസവും ഉണ്ടാകേണ്ടതല്ലെങ്കിലും "സ്വഭാവം" എന്ന പദമാണ് അവർക്കിഷ്ടപ്പെടാത്തതു്. സ്വഭാവം എന്നതിനു "ക്യാനോ" എന്നു സുറിയാനിയിൽ അവർ പറയുന്നു. രണ്ടു "ക്യാനോ" എന്നു പറഞ്ഞാൽ രണ്ടു "ക്നൂമ്മോ" അഥവാ രണ്ടു് ആൾ എന്ന അർത്ഥം ജനിക്കുമെന്നും അതു നെസ്തോറിയൻപാഷാണ്ഡതയാകുമെന്നും അത്രെ അവരുടെ ഭയം. എന്നാൽ ഈ ഭയം അടിസ്ഥാനരഹിതമാണെന്നു് യാക്കോബായസഭയിലെ പ്രമാണവേദശാസ്ത്രജ്ഞനും കാനോൻ വിദഗ്ദ്ധനുമായ ബർഎബ്രായായുടെ "സൽഗോ" എന്ന കൃതിയിൽനിന്നു ഗ്രഹിക്കുവാൻ കഴിയും. അതിൽ അദ്ദേഹം ഇപ്രകാരം സമ്മതിച്ചു പറയുന്നു:—

അപ്പീപ്പോ ഉഗീർഹ്ഹഹാദ് ക്യാനോ ഉലോപ്ശീത്താ—എന്തുകൊണ്ടെന്നാൽ ഈ ഒരു ക്യാനോ (സ്വഭാവം) ഇരട്ടയാണ് ഒററയല്ല" (സൽഗോമെത്തുൽമെസ്ബർനശൊന്തുസൊദ്മെൻസോ ഉലോഹോ, എന്ന ഭാഗം.)

ഒററയല്ലാത്ത അഥവാ ഒന്നല്ലാത്ത ഇരട്ട സ്വഭാവത്തെ കൽക്കദോനിയാ സൂനഹദോസ് രണ്ടു സ്വഭാവം എന്നു വിളിക്കുന്നു. ഇതിൽ എന്താണ് അബദ്ധം? ഈ സംഗതി ശരിയായി ഗ്രഹിച്ചിരുന്ന ഒരാളത്രേ കാലംചെയ്ത വട്ടശേരിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമേനി. "ഒരു സ്വഭാവം" എന്നതു് ഒരു "വാക്കുപട" മാത്രമാണെന്നു തിരുമേനി പ്രസ്താവിക്കാറുണ്ടായിരുന്നു. 'വാക്കുപട" അവസാനിപ്പിക്കുവാൻ "ഇരട്ട" എന്നു സമ്മതിച്ചു കഴിഞ്ഞിരിക്കുന്നതു് രണ്ടാണെന്നു പറഞ്ഞാൽ മാത്രം മതി. ഇതിൽ തെററില്ല; ഇരട്ടയെ ഒന്നു് എന്നു പറയുന്നതാണ് തെററു്.

2. അലക്സാന്ത്രിയാ പാത്രിയർക്കീസായ ദീയസ്കോറോസിനെ യാക്കോബായക്കാർ ഒരു വിശുദ്ധനായി വണങ്ങിവരുന്നു. എന്നാൽ കൽക്കദോനിയാ സൂനഹദോസ് അദ്ദേഹത്തെ ശപിച്ചു മുടക്കി. ഇതാണ് യാക്കോബായക്കാർ ഈ സൂനഹദോസു സ്വീകരിക്കാതിരിക്കുവാൻ വേറൊരു കാരണം.

"കള്ളന്മാരുടെ സൂനഹദോസ്" എന്നു മുകളിൽ പറഞ്ഞ സമ്മേളനം നടത്തിയതും, അതിൽവച്ചു അക്രമപ്രവൃത്തികളിൽ ഏർപ്പെട്ടതും, മിശിഹായിൽ ഒരു സ്വഭാവമേയുള്ളു എന്നു ശഠിച്ച എവുത്തിക്കോസിനെ ആദരിച്ചതും നിമിത്തമാണ് സൂനഹദോസു ദീയസ്കോറോസിനെ ശപിച്ചു മുടക്കിയതു്.

യാക്കോബായക്കാരും "കള്ളന്മാരുടെ സൂനഹദോസി"നെ വെറുത്തു തള്ളുന്നുണ്ടു്. അവർ വിശുദ്ധനായി വണങ്ങുന്ന ദീയസ്കോറോസ് സർവശക്തിയും പ്രയോഗിച്ചു നടത്തിയ ആ സൂനഹദോസ് അവർ സ്വീകരിക്കാത്തതു് എന്തുകൊണ്ടു്? ആ സൂനഹദോസ് ന്യായവിരുദ്ധമായ ഒന്നാണെന്നു യാക്കോബായക്കാരും സമ്മതിക്കുന്നു എന്നല്ലയോ ഇതിന്റെ അർത്ഥം? ന്യായവിരുദ്ധമായി അവിടെ നടന്ന അക്രമപ്രവൃത്തികൾ ചരിത്രപ്രസിദ്ധങ്ങളാണ്. ആ പ്രവൃത്തികളെല്ലാം അവിടെ നടത്തിയ ഒരാളെ കൽക്കിദോനിയാ സൂനഹദോസു ശപിച്ചു മുടക്കിയതിൽ യാതൊരു തെററും സൂനഹദോസിൽ ആരോപിക്കാവുന്നതല്ല. യാക്കോബായക്കാർ "കള്ളന്മാരുടെ സൂനഹദോസ്" സംബന്ധിച്ചു അവലംബിക്കുന്ന നില കൽക്കദോനിയാ സൂനഹദോസിനെ പരോക്ഷമായി ആദരിക്കുന്ന ഒന്നാണെന്നു ആർക്കാണ് അറിഞ്ഞുകൂടാത്തതു്?

കൂടാതെയും, ദീയസ്കോറോസു സർവപ്രകാരേണയും ആദരിച്ച എവുത്തിക്കോസിനെ കൽക്കദോനിയാ സൂനഹദോസു ചെയ്യുന്നതുപോലെ തന്നെ യാക്കോബായക്കാരും നിർദ്ദയം ശപിക്കുന്നു. എവുത്തിക്കോസിന്റെ "ഒരു സ്വഭാവം" ഇരട്ടയല്ലായിരുന്നു. സാക്ഷാൽ ഒററതന്നെയായിരുന്നു അതു്. ഈ സംഗതി യാക്കോബായക്കാർക്കു നിശ്ചയമുള്ളതുകൊണ്ടാണല്ലൊ അവർ എവുത്തിക്കോസിനെ ശപിക്കുന്നതു്. എവുത്തിക്കോസിനെ

ആദരിച്ച ദീയസ്കോറോസും "സ്വഭാവം ഒന്ന്" എന്നു ശബ്ദം മുഴക്കി. ദീയസ്കോറോസിന്റെ "ഒന്ന്" "ഇരട്ട"യായിരുന്നാൽ തന്നെയും, "ഇരട്ട"യെ "ഒന്ന്" എന്നു പറഞ്ഞതിലും, സാക്ഷാൽ "ഒററ" എന്നു ശഠിച്ച എവുത്തിക്കോസിനെ ആദരിച്ചതിലും ദീയസ്കോറോസു അപരാധിയായി. ആകയാൽ എവുത്തിക്കോസിനെ ശപിക്കുന്ന യാക്കോബായക്കാർ ദീയസ്കോറോസിനെ യാതൊരു വിധത്തിലും ആദരിക്കേണ്ടതല്ല. കൽക്കദോനിയാ സൂനഹദോസു സ്വീകരിക്കുക യാക്കോബായക്കാരെ സംബന്ധിച്ചിടത്തോളം പ്രയാസമുള്ള ഒന്നല്ലാ എന്നു ഈ സംഗതിയും വിശദീകരിക്കുന്നു.

3. കൽക്കദോനിയാ സൂനഹദോസിൽ കോൺസ്റ്റന്റിനോപ്പോളീസിലെ ചക്രവർത്തി ബലംപ്രയോഗിച്ചു എന്നാണ് സൂനഹദോസിനെപ്പററി യാക്കോബായക്കാർക്കുള്ള വേറൊരു ആക്ഷേപം.

ചക്രവർത്തി സൂനഹദോസു നടക്കുവാൻ സകലവിധ ഒത്താശകളും ചെയ്തുകൊടുത്തിട്ടുണ്ട്. എന്നാൽ സൂനഹദോസു ചെയ്ത തീരുമാനങ്ങളിൽ ഏതെങ്കിലും തരത്തിൽ അദ്ദേഹം ബലം പ്രയോഗിച്ചില്ല. ഇതിനൊരു ഉത്തമതെളിവാണ് സൂനഹദോസിന്റെ എന്നറിയപ്പെടുന്ന 28-ാം കനോനാ.

കോൺസ്റ്റന്റിനോപ്പിൾ സിംഹാസനത്തെ ഉയർത്തി പൌരസ്ത്യദിക്കിലെ ഒന്നാം സിംഹാസനമാക്കുവാൻ ചക്രവർത്തിയും അവിടത്തെ മെത്രാനായിരുന്ന അനത്തോളിയൂസും അത്യധികം ആഗ്രഹിച്ചിരുന്നു. മാർമാപ്പായുടെ പ്രതിപുരുഷന്മാർ സ്ഥലത്തില്ലായിരുന്ന അവസരത്തിൽ ചക്രവർത്തിയുടെ ആഗ്രഹം നിമിത്തം കോൺസ്റ്റന്റിനോപ്പിൾ സിംഹാസനത്തെ ഉയർത്തുന്നതായ പ്രസ്തുത കാനോനാ നിർമ്മിക്കപ്പെട്ടു. എന്നാൽ മാർപ്പാപ്പായുടെ പ്രതിപുരുഷന്മാർ ഉടൻതന്നെ പ്രതിഷേധിക്കുകയും സൂനഹദോസു നടപടികളിൽ അതിന് സ്ഥാനമനുവദിക്കാവുന്നതല്ലെന്നു വെളിപ്പെടുത്തുകയും ചെയ്തു. മാർപ്പാപ്പായിൽ നിന്ന് കനോനാ അംഗീകരിച്ചു കിട്ടുവാനായിരുന്നു ചക്രവർത്തിയുടെ തുടർന്നുള്ള പരിശ്രമം. എന്നാൽ മാർപ്പാപ്പാ ആ കനോനാ അംഗീകരിക്കുകയുണ്ടായില്ല; അതു സ്വീകാര്യമല്ലെന്ന് വിധിപറയുകയും ചെയ്തു. തദവസരത്തിൽ ചക്രവർത്തി മാർപ്പാപ്പായുടെ പേർക്ക് ഇപ്രകാരമെഴുതി:— "പുരാതന നടപടിയിൽ യാതൊരു വ്യത്യാസവും വരുത്തുവാൻ അനുവദിക്കാഞ്ഞതിൽ, ശ്ലൈഹിക സിംഹാസനത്തിലെ മെത്രാൻ എന്ന നിലയിൽ അങ്ങേ പരിശുദ്ധത ഏററം വിശേഷരീതിയിൽ പ്രവർത്തിച്ചിരിക്കുന്നു."

സൂനഹദോസിൽ യാക്കോബായക്കാർ പറയുന്ന പ്രകാരം യാതൊരു "ബലബന്ധ"വും ഉണ്ടായിരുന്നില്ലെന്ന് ഈ സംഗതികൾ സ്പഷ്ടമായി വിളിച്ചറിയിക്കുന്നുണ്ട്. ആകയാൽ "ബലബന്ധ"ന്യായം സൂനഹദോസു സ്വീകരിക്കാതിരിക്കുവാൻ പര്യാപ്തമല്ല.

4. വിദേശിയ യാക്കോബായക്കാരെ അനുകരിക്കുക നിമിത്തമാണ് കേരള യാക്കോബായക്കാർ കൽക്കദോനിയാ സൂനഹദോസിന്റെ നേരെ വിരോധ മനോഭാവം പ്രദർശിപ്പിച്ചു വരുന്നത്. എന്നാൽ വി

ദേശിയരുടെ മനോഭാവം ജാതിസ്പർദ്ധയെ ആശ്രയിച്ചുണ്ടായതാണ്.
കേരളീയരെ അതു സ്പർശിക്കേണ്ടതല്ല.

കൽക്കദോനിയാ സൂന്നഹദോസ് യൗനായ ജാതിയിൽപ്പെട്ടവ
രുടെ ഒരു വിജയമാണെന്ന് ഇഗുപ്തായ, അബിസീനിയൻ, അർമ്മേ
നിയൻ, സുറിയാനി എന്നീ ജാതിയിൽപ്പെട്ടവർ ധരിച്ചുവശായി.
കോൺസ്റ്റൻറിനോപ്പോളീസിനെ അടിച്ചു താഴ്ത്തുവാൻ ദിയസ്കോ
റോസ് തരം നോക്കിയിരിക്കവേയാണ് എവുത്തിക്കോസിനെ ഫ്ളാ
വിയൻ ശപിച്ചത്. എവുത്തീക്കോസിനെ തൽക്ഷണം ദിയസ്കോറ
സ് ആദരിച്ചുകഴിഞ്ഞു. തുടർന്നുണ്ടായ "കള്ളന്മാരുടെ സൂന്നഹദോ
സും" അതിൽ നടന്ന സംഭവങ്ങളും കോൺസ്റ്റൻറിനോപ്പോളീസി
നെ അടിച്ചമർത്തുവാനാണ് പ്രധാനമായി ഉദ്ദേശിക്കപ്പെട്ടത്. എ
ന്നാൽ കൽക്കദോനിയാ സൂന്നഹദോസ് ദിയസ്കോറോസിനെ ശപി
ച്ചതോടെ യൗനായ ജാതിയിൽ പെട്ടവർ വിജയം കൈവരിച്ചു എ
ന്ന് മററു ജാതിയിൽപ്പെട്ടവർ ധരിക്കുവാനിടയായി. ഇതാണ് ക
ൽക്കദോനിയാ സൂന്നഹദോസു സ്വീകരിക്കാതിരിക്കുവാൻ സുറിയാനി
ജാതിക്കാരായ വിദേശിയ യാക്കോബായക്കാരെ പ്രേരിപ്പിച്ച ഏക കാ
രണം. കേരള യാക്കോബായക്കാരാവട്ടെ റീത്തിലല്ലാതെ ജാതിയിൽ
സുറിയാനിക്കാരല്ലല്ലൊ. അകയാൽ ജാതിസ്പർദ്ധ നിമിത്തം വിദേ
ശത്തുണ്ടായ വിരോധമനോഭാവം ജാതിയിൽ വിഭിന്നരായ കേരളീയ
ർ വച്ചു പുലർത്തേണ്ടതല്ല. വിദേശിയർതന്നെയും ജാതിസ്പർദ്ധയാൽ
അന്ധരായതു നിമിത്തമല്ലയോ "ഇരട്ട" എന്നതു് ഒന്നാണെന്നു യുക്തി
യില്ലാതെ പറയുവാനും തങ്ങൾ ശപിക്കുന്ന എവുത്തീക്കോസിനെ ആദ
രിച്ച ദിയസ്കോറോസിനെ വിശുദ്ധനാക്കുവാനും പ്രേരിതരായിത്തീർ
ന്നതു്! "കള്ളന്മാരുടെ സൂന്നഹദോസ്" കള്ളന്മാരുടെ എന്നു സമ്മതി
ക്കുന്ന അവർ ആ സൂന്നഹദോസു നടത്തിയ ദിയസ്കോറോസ് നിരപ
രാധിയെന്നുതന്നെയല്ല, ഒരു വിശുദ്ധനാണെന്നുപോലും കരുതുവാൻ ത
ക്കവണ്ണം ജാതിസ്പർദ്ധ അവരെ അത്ര അന്ധരാക്കിത്തീർത്തു. കേരളീ
യർ എന്തിനു് അവരെ അനുകരിക്കുന്നു? അവരെ നേർവഴിയിലേക്കു
തിരിക്കുവാൻ ജാതിയിൽ വിഭിന്നരായ കേരളീയർക്കു് പ്രയാസമുണ്ടാ
കേണ്ടതല്ല.

5. കൽക്കദോനിയാ സൂന്നഹദോസ് യാക്കോബായക്കാർ സ്വീ
കരിക്കുന്നില്ലെങ്കിലും സ്വീകരിക്കുവാൻ യാതൊരു പ്രയാസവുമില്ലെന്നു
മുകളിൽ പ്രസ്താവിച്ചവ വിശദമാക്കിയിട്ടുണ്ടല്ലൊ. കൽക്കദോനി
യായോടു യാക്കോബായക്കാർ കുറെയെല്ലാം ആദരവു് പ്രദർശിപ്പിക്കു
തായി കരുതുവാനും വഴിയില്ലാതില്ല.

യാക്കോബായ സഭയുടെ ഔദ്യോഗിക കാനോൻസഞ്ചയമാണ്
ബർ എബ്രായാസുടെ ഹൂദായ കാനോൻ. കൽക്കദോനിയാ സൂന്നഹ
ദോസു് ഭരണവിഷയകമായും മററും സൃഷ്ടിച്ച കാനോനാകൾ ഹൂദായ
കാനോനിൽ സ്ഥലം പിടിച്ചിട്ടുണ്ടു്. 28-ാം കാനോനായ്ക്കു മാത്രമേ
അതിൽ സ്ഥാനമില്ലാതുള്ളു! അതാവട്ടെ സൂന്നഹദോസിൻെറ കാനോ
നാ അല്ലതാനും. കൽക്കദോനിയ സൂന്നഹദോസിൻെറ നേരേയുള്ള

വിരോധമനോഭാവം പരിത്യജിക്കുവാൻ ഈ വസ്തുത വളരെ പ്രയോജനകരമാണെന്നു ചിന്തിച്ചാൽ മനസ്സിലാക്കാവുന്നതാണ്.

കേരളത്തെ സംബന്ധിച്ചിടത്തോളം ഈ ഹൂദായ കാനോൻ ചില വ്യത്യാസങ്ങളോടുകൂടി ബാവാകക്ഷിക്കാരും മെത്രാൻകക്ഷിക്കാരും ഹാജരാക്കിവരുന്നു. മെത്രാൻ കക്ഷിക്കാരുടെ പ്രതികളിൽ കൽക്കദോനിയാ കാനോനാകളെ കൽക്കദോനിയാ കാനോനാകൾ എന്നുതന്നെയാണ് വിളിച്ചിരിക്കുന്നതു്. ബാവാകക്ഷിക്കാർക്കാവട്ടെ അവ ലവുദോക്കിയാ കാനോനാകളാണ്. എന്നാൽ തലക്കെട്ടിലില്ലാതെ കാഴ്ത്തിലോ വാക്യങ്ങളിലോ അവ ലവുദോക്കിയാ കാനോനാകളല്ലെന്ന് എല്ലാവർക്കുമറിയാം. വിദേശിയർക്കു ഇന്നും അവ കൽക്കദോനിയാ കാനോനാകൾതന്നെ. വിദേശിയരുമായി യോജിച്ചു നിൽക്കുന്നവരാണല്ലോ ബാവാകക്ഷിക്കാർ. ആകയാൽ യാക്കോബായക്കാർ ആരായാലും അവർ വിചാരിക്കാത്ത വിധത്തിൽ കൽക്കദോനിയാ സൂനഹദോസിനോടു ബന്ധപ്പെട്ട ഒരു നിലയാണ് അവർ അവലംബിച്ചിട്ടുള്ളതു്.

6. യാക്കോബായക്കാർക്ക് അന്തിയോക്യായോടുള്ള ബഹുമാനവും അവരെ കൽക്കദോനിയായിലേക്കു അടുപ്പിക്കേണ്ടതാണ്.

വിദേശത്തുള്ള യാക്കോബായക്കാരും കേരളത്തിലുള്ള ബാവാകക്ഷിക്കാരും "അന്തിയോക്യാ" എന്ന അഭിധാനത്തിൽ അഭിമാനം കൊള്ളുന്നവരും തങ്ങളുടെ പരമാദ്ധ്യക്ഷൻ "അന്തിയോക്യാ പാത്രിയർക്കീസാ"ണെന്നു് ഉൽഘോഷിക്കുന്നവരും ആകുന്നു. മെത്രാൻകക്ഷിക്കാരും "അന്തിയോക്യാ പാത്രിയർക്കീസി"നെ അശേഷം അവഗണിക്കുന്നില്ല. അവരുടെ അദ്ധ്യക്ഷനായ കാതോലിക്കാ ബാവായുടെ സ്ഥാനം അന്തിയോക്യാ (യാക്കോബായ) പാത്രിയർക്കീസ് അബ്ദേദ്മ്ശിഹ് ഏർപ്പെടുത്തിയതാണെന്നത്രേ അവരുടെ വാദം.

എന്നാൽ അന്തിയോക്യാ യാക്കോബായ പാത്രിയർക്കീസ് കൽക്കദോനിയാ സൂനഹദോസിന്റെ ശേഷം വളരെ കഴിഞ്ഞു മാത്രമേ ചരിത്രത്തിൽ പ്രത്യക്ഷനാവുന്നുള്ളു. സൂനഹദോസിൽ സംബന്ധിച്ച അന്തിയോക്യാ പാത്രിയർക്കീസ് മാക്സീമൂസ് ആയിരുന്നു. മാക്സീമൂസ് അല്ലാതെ അന്നു വേറെ ഒരു അന്തിയോക്യാ പാത്രിയർക്കീസില്ലായിരുന്നു താനും. മാക്സീമൂസാവട്ടെ കൽക്കദോനിയാ സൂനഹദോസിന്റെ നിശ്ചയങ്ങൾക്കെല്ലാം ഒപ്പുവയ്ക്കുകയും ചെയ്തു. ആകയാൽ അന്തിയോക്യാ യാക്കോബായ പാത്രിയർക്കീസ് മാക്സിമൂസിൽനിന്നു പിൻതുടർച്ചയുള്ളയാളല്ലെന്നു സ്പഷ്ടം. ആരാണ് സാക്ഷാൽ അന്തിയോക്യാ പാത്രിയർക്കീസ്? മേൽപ്രസ്താവിച്ച പ്രകാരം നടന്നിട്ടുള്ള കൽക്കദോനിയാ സൂനഹദോസിൽ സത്യത്തെ യുക്തിപൂർവ്വം ഏറ്റുപറയുകയും അക്രമം പ്രവർത്തിച്ചവരെ ശപിക്കുകയും ചെയ്ത മാക്സിമൂസോ അതോ "ഇരട്ട" ഒന്നാണെന്നു യുക്തിപൂർവ്വമല്ലാതെ പ്രസ്താവിക്കുകയും "ഇരട്ട"യെ സാക്ഷാൽ ഒറ്റയാക്കിയ എവുത്തിക്കോസിനെ അക്രമപ്രവൃത്തികളാൽ ആദരിച്ച ദിയസ്കോറോസിനെ വണങ്ങുകയും ചെയ്യുന്ന യാക്കോബായ പാത്രിയർക്കീസോ? അന്തിയോക്യായോടു ബഹുമാനമുള്ളവർ അന്തിയോക്യാ പാത്രിയർക്കീസായി കൽ

ക്കദോനിയായിൽ സംബന്ധിച്ച മാക്സിമൂസിനെ ആദരിക്കട്ടെ. ഇപ്രകാരം യാക്കോബായക്കാർക്കു അന്തിയോക്യായോടുള്ള ബഹുമാനം അവരെ കൽക്കദോനിയായോടു് അടുപ്പിക്കേണ്ടതാണു്.

7. കൽക്കദോനിയാ സൂനഹദോസ് സ്വീകരിക്കുന്നതോടെ റോമ്മായിലെ വി. ലെഓൻ മാർപ്പാപ്പായെ ശപിക്കുന്നതിൽ നിന്നും യാക്കോബായക്കാർ വിരമിക്കണം. ഇതിലും അവർക്കു പ്രയാസമുണ്ടാകേണ്ടതല്ല.

യാക്കോബായക്കാർ ലെഓൻ മാർപ്പാപ്പായെ എന്തിനു ശപിക്കുന്നു? "ഇരട്ട"യെന്നു അവർ സമ്മതിക്കുന്നതു ഒന്നല്ല, രണ്ടാണെന്നു യുക്തിപൂർവ്വം അദ്ദേഹം പ്രസ്താവിച്ചതുകൊണ്ടാണോ? അന്തിയോക്യാ സിംഹാസനത്തിന്റെ പ്രശസ്തിക്കു ഹാനി തട്ടുവാൻ സമ്മതിക്കാതിരുന്നതുകൊണ്ടാണോ? യാക്കോബായക്കാർപോലും നിർദ്ദയം ശപിക്കുന്ന എവുത്തിക്കോസിനെ അക്രമപ്രവൃത്തികളാൽ ആദരിച്ച ദിയസ്കോറോസിനെ ശപിച്ചതുകൊണ്ടാണോ? റോമ്മായിലെ വി. ലെഓൻ മാർപ്പാപ്പായെ ശപിക്കുവാൻ യാതൊരു ന്യായവും യാക്കോബായക്കാർക്കില്ല. ജാതിസ്പർദ്ധയാണു് അതിനു വഴിതെളിച്ചതു്. വിദേശീയ യാക്കോബായക്കാർ ജാതിസ്പർദ്ധ കൈവെടിയട്ടെ; കേരളയാക്കോബായക്കാർ ജാതിസ്പർദ്ധയാൽ അന്ധരായ വിദേശീയരെ അനുകരിക്കാതിരിക്കട്ടെ. അപ്പോൾ അവർക്കു സ്പഷ്ടമായി കാണുവാൻ കഴിയും, ലെഓൻ മാർപ്പാപ്പാ റീശ്ശുപാത്രിയർക്കീസായി, പരമാധികാരത്തിൽ പത്രോസിന്റെ പിൻഗാമിയായി കൽക്കദോനിയായിൽ പ്രവർത്തിച്ചു എന്നു്. സ്വന്തം നിലയും കൽക്കദോനിയാ സൂനഹദോസിന്റെ ചരിത്രവും ഒരുമിച്ചെടുത്തു ചിന്തിച്ചാൽ ഈ സത്യം അവർക്കു ബോദ്ധ്യമാകാതിരിക്കുകയില്ല.

കൽക്കദോനിയാ സൂനഹദോസ് നടന്നുകഴിഞ്ഞിട്ടു് 1500-ാം സംവത്സരമാണു് ഇപ്പോൾ പൂർത്തിയാകുന്നതു്. കത്തോലിക്കാസഭയിൽ ഇതുസംബന്ധിച്ചുള്ള ആഘോഷങ്ങൾ നടത്തപ്പെടുന്നുണ്ടു്. സൂനഹദോസിനെപ്പറ്റി യാക്കോബായസഹോദരങ്ങൾ ശാന്തമായി ചിന്തിക്കുന്നപക്ഷം എല്ലാവരും ആഗ്രഹിക്കയും പ്രാർത്ഥിക്കയും ചെയ്യുന്ന ആ പുനരൈക്യം വേഗത്തിൽ കൈവരുത്തുവാൻ നമുക്കു സാധിക്കുന്നതാണു്.